◆ ADVT ◆
ഇവിടെ പരസ്യം
98700 06472 · need24.digital

NEED 24 NEWS
हर ख़बर, हर शहर

നീഡ് 24 ന്യൂസ്

◆ ADVT ◆
ഇവിടെ പരസ്യം
98700 06472 · need24.digital

DIGITAL E-PAPER

ഓരോ വാർത്തയും, ഓരോ നഗരവും

PRGI APPLICATION UNDER PROCESS
Application No. T/GJ/2026/0619/2304/1577

GST
GSTIN 24CINPG0564Q1ZT

UDYAM REGISTERED
UDYAM-GJ-14-0003714

◆ DIGITAL NEWS NETWORK ◆
ഇന്ത്യയുടെ വിശ്വസ്ത ബഹുഭാഷാ ഡിജിറ്റൽ ന്യൂസ് നെറ്റ്‌വർക്ക്
11+ Languages | 24×7 Live | e-Paper Daily

ഞങ്ങളുടെ App ഡൗൺലോഡ് ചെയ്യുക
Download on the App Store
GET IT ON Google Play

www.need24.digital
info@need24.in
+91 98700 06472
FOLLOW US:

तेज़ | सटीक | निष्पक्ष | जनहित में | सच की आवाज़ | जन-जन की आवाज़ | निडर पत्रकारिता

KERALA | നീഡ് 24 ന്യൂസ് · ഓരോ വാർത്തയും, ഓരോ നഗരവും | 04 November 2026

ഉദ്ഘാടനദിവസത്തെ വരവ് മാത്രം ചമ്പക്കുളം കിഴക്കേ സ്റ്റാൻഡിലേക്ക് ബസ് എത്തിയില്ല



തങ്കൊമ്പ്: തിരുവല്ല–തകഴി–ചമ്പക്കുളം–ആലപ്പുഴ റൂട്ടിൽ പുതുതായി സർവീസ് ആരംഭിച്ച കെ.എസ്.ആർ.ടി.സി ഫാസ്റ്റ് പാസഞ്ചർ ബസ് ചമ്പക്കുളം കിഴക്കേ ബസ് സ്റ്റാൻഡ് വഴി സർവീസ് നടത്തുന്നതിന് വഴിയൊരുക്കിയ പഞ്ചായത്ത് ഭരണാധികാരികൾ , എം.എൽ.എ, മറ്റ് ജനപ്രതിനിധികൾ എന്നിവർക്ക് ചമ്പക്കുളം കിഴക്കേ സ്റ്റാൻഡിലെ വ്യാപാരികളുടെ നേതൃത്വത്തിൽ അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് നിരവധി പോസ്റ്റുകൾ സമൂഹമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

എന്നാൽ ഉദ്ഘാടനദിവസം മാത്രം കിഴക്കേ ബസ് സ്റ്റാൻഡിൽ എത്തിയ l ബസ് പിന്നീട് ഒരു ദിവസം പോലും ഇതുവഴി സർവീസ് നടത്തിയിട്ടില്ലെന്നാണ് നാട്ടുകാരുടെ പരാതി.

ഉദ്ഘാടനദിവസത്തെ വരവിന് പിന്നാലെ ബസ് സർവീസ് തുടരുമ്പോൾ, കിഴക്കേ സ്റ്റാൻഡിലൂടെ സർവീസ് ആരംഭിച്ചതായി പ്രഖ്യാപിച്ചതും അതിന്റെ പേരിൽ ഉയർന്ന അഭിനന്ദനങ്ങളുമെല്ലാം ഇപ്പോൾ ചോദ്യചിഹ്നമാകുകയാണ്.

കിഴക്കേ സ്റ്റാൻഡിനെ ആശ്രയിക്കുന്ന യാത്രക്കാർക്കും വ്യാപാരികൾക്കും ഏറെ പ്രതീക്ഷ നൽകിയ സർവീസ് യാഥാർത്ഥ്യമാകാത്തതിൽ ജനങ്ങൾ നിരാശയിലാണ്.

ഉദ്ഘാടനച്ചടങ്ങിലെ സാന്നിധ്യത്തിനപ്പുറം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സർവീസ് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർക്കില്ലേ എന്ന ചോദ്യവും ഉയരുന്നു.

പ്രഖ്യാപിച്ച റൂട്ടിലൂടെ ബസ് സ്ഥിരമായി സർവീസ് നടത്താൻ നടപടി ഉണ്ടാവണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

— Sajith S.

സി.എസ്.പി.ജില്ലാ നേതൃയോഗം നടന്നു



സി.എസ്.പി.ജില്ലാ നേതൃയോഗം നടന്നു.

മലപ്പുറം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഘടക കക്ഷികളായിരുന്ന എൻ. സി.പി.എസ്സും, കോൺഗ്രസ്സ് എസ്സും ലയിച്ച കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയോഗം സി. എസ്. പി

എസ് സംസ്ഥാന ജനറൽ സെക്രട്ടറി സി.ആർ. വൽസൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് മുസ്തഫ കടമ്പോട് അദ്ധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറിമാരായ കെ.പി.രാമനാഥൻ,

ടി.എൻ ശിവശങ്കരൻ,

ഇ.എ. മജിദ്,

എം.സി.ഉണ്ണികൃഷ്ണൻ,

ജോസ് വർഗീസ്,

സി.പി.രാധാകൃഷ്ണൻ,

നാസർ പുൽപറ്റ എന്നിവർ പ്രസംഗിച്ചു.

— RAMESH CHUNGAPPALLI

സ്വച്ഛതാ ഹി സേവാ പുരസ്കാരങ്ങൾ വിതരണം ചെയ്തു



സ്വച്ഛതാ ഹി സേവാ പുരസ്കാരങ്ങൾ വിതരണം ചെയ്തു

ശുചിത്വം ജനകീയ ഉത്തരവാദിത്തവും സാമൂഹിക പങ്കാളിത്തവുമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ശുചിത്വ ക്യാമ്പയിനായ സ്വച്ഛതാ ഹി സേവയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ മികച്ച നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കുമുള്ള പുരസ്കാരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം ഷാജി വിതരണം ചെയ്തു. നിർമ്മലം പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിനിന്റെ ജില്ലാ തല ഉദ്ഘാടനത്തോടനുബന്ധിച്ചാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്. കേരളത്തിൽ 'കൈയോട് കൈ' എന്ന പേരിൽ സംഘടിപ്പിച്ച ക്യാമ്പയിൻ പൊതുസ്ഥലങ്ങളുടെ ശുചീകരണം, മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം, ഉറവിട മാലിന്യ തരംതിരിക്കൽ, ശുചീകരണ തൊഴിലാളികളുടെ ക്ഷേമം, ജനപങ്കാളിത്തം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. ശുചിത്വ പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനും മാലിന്യമുക്തമായ സമൂഹം സൃഷ്ടിക്കുന്നതിനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

ജില്ലയിലെ നഗരസഭകളിൽ കോട്ടക്കൽ നഗരസഭ ഒന്നാം സ്ഥാനം നേടി. പൊന്നാനി, താനൂർ നഗരസഭകൾ രണ്ടാം സ്ഥാനം പങ്കിട്ടു. മലപ്പുറം നഗരസഭ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ബ്ലോക്ക് അടിസ്ഥാനത്തിൽ വിജയിച്ച പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്- പുല്ലറ്റ ഗ്രാമപഞ്ചായത്ത്

കാളികാവ് ബ്ലോക്ക് പഞ്ചായത്ത് - കാളികാവ് ഗ്രാമപഞ്ചായത്ത്

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് - വാഴക്കാട് ഗ്രാമപഞ്ചായത്ത്

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് - എടയൂർ ഗ്രാമപഞ്ചായത്ത്

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് - മൊറയൂർ ഗ്രാമപഞ്ചായത്ത്

മങ്കട ബ്ലോക്ക് പഞ്ചായത്ത് - കുറുവ ഗ്രാമപഞ്ചായത്ത്

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് - മൂത്തേടം ഗ്രാമപഞ്ചായത്ത്

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്- അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് - ആലങ്കോട് ഗ്രാമപഞ്ചായത്ത്

പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് - കാലടി ഗ്രാമപഞ്ചായത്ത്

തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് - നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

താനൂർ ബ്ലോക്ക് പഞ്ചായത്ത് - പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്

തിരൂർ ബ്ലോക്ക് പഞ്ചായത്ത് - തലക്കാട് ഗ്രാമപഞ്ചായത്ത്

വേങ്ങര ബ്ലോക്ക് പഞ്ചായത്ത് - പറപ്പൂർ ഗ്രാമപഞ്ചായത്ത്

വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് - മമ്പാട് ഗ്രാമപഞ്ചായത്ത്

— RAMESH CHUNGAPPALLI

LOCAL

നാട്ടിക ടോൾ പ്ലാസയിൽ യു ഡി എഫ് നയിച്ച രാപകൽ സമരം: ശ്രീ. വി.എം. സുധീരൻ, ജോസ് വള്ളൂർ, ഹാറൂൺ റഷീദ് എന്നിവർ പങ്കെടുത്തു



നാട്ടിക ടോൾ പിരിവ് നിർത്തലാക്കാനുള്ള ആവശ്യം ഉന്നയിച്ച് യു ഡി എഫ് ന്റെ നേതൃത്വത്തിൽ നാട്ടിക ടോൾ പ്ലാസയിൽ രാപകൽ സമരം ആരംഭിച്ചു.

സമരം മുൻ എം.എൽ.എ.യും എം.പി.യും കെ.പി.സി.സി പ്രസിഡണ്ടുമായിരുന്ന മുതിർന്ന നേതാവ് ശ്രീ വി.എം. സുധീരൻ ഉദ്ഘാടനം ചെയ്തു. ജോസ് വള്ളൂർ സമരത്തിന്റെ അദ്ധ്യക്ഷത വഹിച്ചു, ഹാറൂൺ റഷീദ് സ്വാഗതം ചെയ്തു പറഞ്ഞു.

എം.പി.യും കെ.പി.സി.സി പ്രസിഡണ്ടുമായിരുന്ന മുതിർന്ന നേതാവ് ശ്രീ വി.എം. സുധീരൻ ഉദ്ഘാടനം ചെയ്തു. ജോസ് വള്ളൂർ സമരത്തിന്റെ അദ്ധ്യക്ഷത വഹിച്ചു, ഹാറൂൺ റഷീദ് സ്വാഗതം ചെയ്തു പറഞ്ഞു.

സമരത്തിൽ ശ്രീ ടി.എൻ. പ്രതാപൻ, അനിൽ പുളിക്കൻ, സുനിൽ ലാലൂർ തുടങ്ങിയവർ പങ്കെടുത്തു.

സമരത്തിന്റെ പ്രധാന ലക്ഷ്യം നാട്ടിക ടോൾ പിരിവ് നിർത്തലാക്കാനുള്ള ആവശ്യമാണ്.

— Sajeevan P.U., Thrissur

അത്യാഹിത വിഭാഗം നാടിനു സമർപ്പിച്ചു



തിരൂർ ജില്ലാ ആശുപത്രിയിലെ ആധുനിക അത്യാഹിത വിഭാഗം ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു. എം.എൽ.എമാരായ കുറുക്കോളി മൊയ്തീൻ, വി.എസ്. ജോയ് എന്നിവർ സമീപം.

— RAMESH CHUNGAPPALLI

സി.എസ്.പി.ജില്ലാ നേതൃയോഗം നടന്നു.



സി.എസ്.പി.ജില്ലാ നേതൃയോഗം നടന്നു.

മലപ്പുറം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഘടക കക്ഷികളായിരുന്ന എൻ. സി.പി.എസ്സും, കോൺഗ്രസ്സ് എസ്സും ലയിച്ച കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയോഗം

സി. എസ്. പി

എസ് സംസ്ഥാന ജനറൽ സെക്രട്ടറി സി.ആർ. വൽസൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് മുസ്തഫ കടമ്പോട് അദ്ധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറിമാരായ കെ.പി.രാമനാഥൻ,

ടി.എൻ ശിവശങ്കരൻ,

ഇ.എ. മജിദ്,

എം.സി.ഉണ്ണികൃഷ്ണൻ,


ജോസ് വർഗീസ്,

സി.പി.രാധാകൃഷ്ണൻ,

നാസർ പുൽപറ്റ എന്നിവർ പ്രസംഗിച്ചു.

— RAMESH CHUNGAPPALLI

മലപ്പുറത്ത് മഴ തുടരുന്നു.



മലപ്പുറത്ത് ശക്തമായ മഴ തുടരുന്നു; ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടത്തിന്റെ മുന്നറിയിപ്പ്

തുടരുന്ന പശ്ചാത്തലത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രവും മുന്നറിയിപ്പ് നൽകി. കഴിഞ്ഞ രണ്ടു ദിവസമായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ശക്തമായ മഴയാണ് അനുഭവപ്പെടുന്നത്. മലയോര മേഖലകളിലും നദീതീരങ്ങളിലും താമസിക്കുന്നവർ പ്രത്യേക ജാഗ്രത പുലർത്തണമെന്ന് അധികൃതർ നിർദ്ദേശിച്ചു.

തുടർച്ചയായ മഴയെ തുടർന്ന് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെടാനും സാധ്യതയുണ്ട്. കൂടാതെ, മലയോര മേഖലകളിലേക്കുള്ള രാത്രികാല യാത്രാനിരോധനം ഉൾപ്പെടെയുള്ള മുൻകരുതലുകൾ സംബന്ധിച്ച് അധികൃതർ സ്ഥിതിഗതികൾ വിലയിരുത്തി വരുന്നു. അടിയന്തര ഘട്ടങ്ങളിൽ ബന്ധപ്പെടേണ്ട ടോൾ ഫ്രീ നമ്പറുകൾ ജില്ലാ ഭരണകൂടം ഇതിനോടകം പുറത്തിറക്കിയിട്ടുണ്ട്. അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ പുറത്തിറങ്ങരുതെന്നും ജലാശയങ്ങൾ മുറിച്ചുകടക്കരുതെന്നും അധികൃതർ അഭ്യർത്ഥിച്ചു.

— RAMESH CHUNGAPPALLI

പോലീസിന്റെ വിദ്യാർത്ഥി വേട്ട അവസാനിപ്പിക്കുക: C P I M



ആശുപത്രിയിൽ കയറി വിദ്യാർത്ഥി നേതാക്കളെ ആക്രമിച്ച MSF ക്രിമിനലുകളെ അറസ്റ്റ് ചെയ്യുക, പോലീസിന്റെ വിദ്യാർത്ഥി വേട്ട അവസാനിപ്പിക്കുക, കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ അക്രമണത്തിൽ നീതിപൂർവമായ അന്വേഷണം നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സിപിഐ എം മലപ്പുറം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലേക്ക് മാർച്ച് നടത്തി മാർച്ച്സിപിഐ എം പോളിറ്റ് ബ്യൂറോ അംഗം സ. എ വിജയരാഘവൻ ഉദ്ഘാടനം ചെയ്തു. ആർ.എസ്.എസ് നിയമിച്ച വൈ സ് ചാൻസ്ലറെ വച്ച് യൂണിവേഴ്സിറ്റി യൂണിയൻ പിടിച്ചെടുക്കാനാണ് എം.എസ്.എഫ് ശ്രമിച്ചതെന്നും ഇതിന് ലീഗ് മന്ത്രിമാരുടേയും നേതൃത്വത്തിന്റെയും ഒത്താശയും ലഭിച്ചതായും ഭരണത്തിന്റെ മറവിൽ കോളേജുകളിൽ വ്യാപക അക്രമം നടത്താനാണ് എം.എസ് എഫ് ശ്രമമെന്നും യൂണിവേഴ്സിറ്റി അക്രമത്തിൽപോലീസ് പക്ഷപാതപരമായാണ് പെരുമാറുന്നതെങ്കിൽ സി.പി.എം സമരം ശക്തമാക്കുമെന്നും വിജയരാഘ വൻ ഉത്ഘാടന പ്രസംഗത്തിൽ പറഞ്ഞു.'സ്ഥാന സെക്രട്ടറിയറ്റ് അംഗം സ. എം വി ജയരാജൻ, സംസ്ഥാന കമ്മിറ്റി അംഗം സ. പി കെ സൈനബ എന്നിവർ സമരത്തെ അഭിവാദ്യം ചെയ്തു.

— RAMESH CHUNGAPPALLI



പരപ്പനങ്ങാടി ചെട്ടിപടി ആലുങ്ങൽ ബീച്ച് ചൊക്കിടിക്കടപ്പുറം കിഴക്കുഭാഗത്ത് താമസിക്കുന്ന വളപ്പിൽ ആലി മകൻ അഷ്റഫ് വള്ളിക്കുന്നു റെയിൽവേ സ്റ്റേഷൻ പരിസരത്ത് ട്രെയിൻ തട്ടി മരണപ്പെട്ടത്

പരപ്പനങ്ങാടി പോലീസും, തിരൂർ റെയിൽവേ പോലീസും, നാട്ടുകാരും, താനൂർ TDRF വളണ്ടിയർമാരായ

റിയാസ്, സവാദ്, ലത്തീഫ്* എന്നിവരും, വാർഡ് മെമ്പർ വിക്രം എന്നിവരും ചേർന്നു സംഭവ സ്ഥലത്തു നിന്നും മൃതദേഹം തിരുരങ്ങാടി ഗവണ്മെന്റ് ഹോസ്പിറ്റൽ മോർച്ചറിയിൽ എത്തിച്ചു

— RAMESH CHUNGAPPALLI

ബസ് ഉടമകൾ ധർണ്ണ നടത്തി.




മലപുറം :പ്രിയദർശിനി സ്ത്രീസൗജന്യ യാത്ര മൂലം പ്രതിസന്ധിയിലായ സ്വകാര്യ ബസ് വ്യവസായം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ ബസ് ഉടമ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ബസ് ഉടമകൾ മലപ്പുറം കെ.എസ് ആർടി ഓഫിസിലേക്ക് മാർച്ചും ധർണ്ണയും നടത്തി.ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്നും ബസ്സുടമകൾ ആവശ്യപ്പെട്ടു.

ഓൾ കേരള ബസ്സ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ടും സംരക്ഷണ സമിതി സംസ്ഥാന ഭാരവാഹിയുമായ പി.കെ മൂസ സമര പരിപാടി ഉദ്ഘാടനം ചെയ്തുജില്ലാ പ്രസിഡണ്ട് മുസ്തഫകളത്തും പടിക്കൽ അദ്ധ്യക്ഷത വഹിച്ചു,സംസ്ഥാന ട്രഷറർ പ്രദീപ് കുമാർ തൃശൂർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി എംസി കുഞ്ഞിപ്പ ,കുട്ടൻ കെ.ബി ടി എ, തൊഴിലാളി യൂണിയനുകളെ പ്രതിനിധികരിച്ച് ടി പി മൊയ്തീൻ കുട്ടി കോട്ടക്കൽ,കുഞ്ഞിക്ക കൊണ്ടോട്ടി, കെ.കെ മുഹമ്മദ് , വി പി ശിവാകരൻ, സുമിത്രൻ,ദിനേശ് കുമാർ കെ. എം എച്ച് അലി, ബാബുരാജ് എന്നിവർ പ്രസംഗിച്ചു.

— RAMESH CHUNGAPPALLI

അങ്കൺവാടി പ്രവേശനോത്സവം നടന്നു.



അങ്കൺവാടി പ്രവേശനോത്സവം വൻ വിജയമാക്കി കൊച്ചു മിടുക്കർ

അങ്കൺവാടികളിൽ പുതിയ അധ്യയന വർഷത്തെ വരവേൽക്കാനായി നടന്ന 'പ്രവേശനോത്സവം' വർണ്ണാഭമായ ചടങ്ങുകളോടെ നടന്നു. കുരുന്നുകളെ സ്നേഹത്തോടെയും ആഹ്ലാദത്തോടെയും അങ്കൺവാടിയിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് വിവിധ പരിപാടികളാണ് സംഘടിപ്പിച്ചത്. മധുരവും സമ്മാനങ്ങളും നൽകിയാണ് കൊച്ചു കുട്ടികളെ അങ്കൺവാടികളിലേക്ക് വരവേറ്റത്. വർണ്ണബലൂണുകളും പൂക്കളും കൊണ്ട് അങ്കൺവാടികൾ അലങ്കരിച്ചിരുന്നു. രക്ഷിതാക്കളുടെയും നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും സജീവ സാന്നിധ്യം ചടങ്ങിന് മാറ്റുകൂട്ടി. കളികളിലൂടെയും പാട്ടുകളിലൂടെയും കുട്ടികൾക്ക് ആദ്യ ദിനം അവിസ്മരണീയമാക്കി മാറ്റാൻ അദ്ധ്യാപകർക്ക് കഴിഞ്ഞു. കുട്ടികളുടെ സർഗ്ഗശേഷി വളർത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും പ്രവേശനോത്സവത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു.

— RAMESH CHUNGAPPALLI

ഭൂമാഫിയകളെ സഹായിക്കുന്ന നിലപാടാണ് യു.ഡി.എഫ് സർക്കാറും സ്വീകരിക്കുന്നു



പ്രമുഖ പരിസ്ഥിതി പ്രവർത്തകർ മജീദ് മൊല്ലഞ്ചേരിയെ അക്രമിച്ച പ്രതിയെ പിടികൂടണമെന്നാവശ്യപ്പെട്ട് കോഡിനേഷൻ കമ്മറ്റി കളക്ട്രേറ്റിലേക്ക് മാർച്ചും ധർണ്ണയും നടത്തി ധർണ്ണ സാമൂഹ്യ പ്രവർത്തകൻ ഷാജഹാൻ ഉത്ഘാടനം ചെയ്തു. ഭൂമാഫിയകളെ സഹായിക്കുന്ന നിലപാടാണ് യു.ഡി.എഫ് സർക്കാറും സ്വീകരിക്കുന്നതെന്നും കഴിഞ്ഞ സർക്കാർ ഈ നില തുടർന്നപ്പോൾ ഇതിന് മാറ്റം വേണമെന്ന നിലപാടെടുത്ത പരിസ്ഥിതി പ്രവർത്തകർ ക്ക് പോലും പുതിയ സർക്കാറിൽ പ്രതീക്ഷmഷ്ടപ്പെട്ടതായും ഷാജഹാൻ പറഞ്ഞു.മജീദിനെ അക്രമിച്ച വർ ക്കെതിരെ നടപടി സ്വീകരിക്കുന്നത് വരെ സമരം ശക്തമാക്കുമെന്നും ഷാജഹാൻ ഉത്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ധർണ്ണയിൽ മുസ്തഫ മമ്പാട് അധ്യക്ഷനായിരുന്നു. ശിവദാസൻ മേലാറ്റൂർ, ലത്തീഫ് കുറ്റിപ്പുറം' ഇ.പി അനിൽ റഹീം പൂക്കത്ത്, ശബരിമുണ്ടക്കൻ, ഷംസുദ്ധീൻ കോട്ടക്കൽ എന്നിവരും സംസാരിച്ചു.

— RAMESH CHUNGAPPALLI

അഭിനന്ദനം



സർവീസ് പെൻഷൻകാർക്ക് രണ്ട് ശതമാനം ക്ഷാമാശ്വാസം അനുവദിച്ച യു.ഡി.എഫ് സർക്കാറിന് അഭിനന്ദനം അർപ്പിച്ച് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ പ്രകടനം നടത്തി.തുടർന്ന് നടന്ന യോഗം ജില്ലാ പ്രസിഡന്റ് പി.സുന്ദരൻ ഉത്ഘാടനം ചെയ്തു.കഴിഞ്ഞ 10 വർഷമായി ജീവനക്കാർക്കും പെൻഷൻകാർക്കും ലഭിക്കാത്ത സൗഭാഗ്യമാണ് ഇപ്പോൾ ലഭിക്കുന്നതെന്നും ജനോപകാരമായ പരിപാടികളാണ് യു.ഡി.എഫ് സർക്കാർ നടപ്പിലാക്കുന്നതെന്നും സുന്ദരൻ ഉത്ഘാടന പ്രസംഗത്തിൽ പറഞ്ഞു. മണ്ഡലം പ്രസിഡന്റ് മോഹനൻ അധ്യക്ഷനായിരുന്നു. ജില്ലാ ട്രഷർ അബൂബക്കർ ,വി.എസ്.എൻ നമ്പൂതിരി ,ജയപ്രകാശ്, എന്നിവരും സംസാരിച്ചു.

— RAMESH CHUNGAPPALLI

പട്ടേൽ ജന്മദിനവും ഇന്ദിരാഗാന്ധി രക്തസാക്ഷി ദിനവും ആചരിച്ചു

മലപ്പുറം ഡി.സി.സി ഓഫീസിൽ പട്ടേൽ ജന്മദിനവും ഇന്ദിരാഗാന്ധി രക്തസാക്ഷി ദിനവും ആചരിച്ചു

മലപ്പുറം: ദേശീയോദ്ഗ്രഥന ദിനത്തിന്റെ ഭാഗമായി സർദാർ വല്ലഭഭായ് പട്ടേലിന്റെ ജന്മദിനവും, മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷി ദിനവും മലപ്പുറം ഡി.സി.സി ഓഫീസിൽ സമുചിതമായി ആചരിച്ചു. ചടങ്ങ് വി.എസ്. ജോയ് എം.എൽ.എ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നതിൽ സർദാർ വല്ലഭഭായ് പട്ടേലും ഇന്ദിരാഗാന്ധിയും വഹിച്ച നിർണായക പങ്കുകൾ യോഗത്തിൽ സംസാരിച്ച നേതാക്കൾ അനുസ്മരിച്ചു. രാജ്യത്തിന്റെ മതേതരത്വവും മൂല്യങ്ങളും നിലനിർത്താൻ ഇരു നേതാക്കളുടെയും ജീവിതവും പ്രവർത്തനങ്ങളും ഇന്നത്തെ കാലത്ത് ഏറെ പ്രസക്തമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ വി.എസ്. ജോയ് എം.എൽ.എ വ്യക്തമാക്കി.

ഡി.സി.സി ഭാരവാഹികളും വിവിധ കോൺഗ്രസ് നേതാക്കളും ചടങ്ങിൽ സംബന്ധിക്കുകയും ചിത്രത്തിന് മുന്നിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു. രാജ്യത്തിന്റെ വിവിധ വെല്ലുവിളികളെ നേരിടാൻ കോൺഗ്രസ് പ്രവർത്തകർ ഒറ്റക്കെട്ടായി മുന്നോട്ട് പോകണമെന്നും ചടങ്ങിൽ ആഹ്വാനം ചെയ്തു.

— RAMESH CHUNGAPPALLI

ഉജ്വലമായി



സ്വതന്ത്ര കർഷക സംഘം "കർഷക മഹാസംഗമം ഉജ്വലമായി.

മലപ്പുറം: സ്വതന്ത്ര കർഷക സംഘം മലപ്പുറം ജില്ലാ കമ്മിറ്റി

റോസ് ലോഞ്ചിൽ വെച്ച് സംഘടിപ്പിച്ച കർഷക മഹാസംഗമം ഉജ്വലമായി.

മഹാ സംഗമം പാണക്കാട് സെയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സി. അബൂബക്കർ ഹാജി.

അദ്ധ്യക്ഷത വഹിച്ചു.

കൃഷി ജീവിതത്തിന്റെ

ഭാഗം മാക്കണം. കാർഷിക മേഖല പുനരുജ്ജീവിപ്പിച്ച്

കാർഷിക സംസ്കാരം കൊണ്ടുവരണമെന്ന്

'സ്വതന്ത്ര കർഷകൻ, മലപ്പുറം സ്പെഷ്യൽ പതിപ്പ് വ്യവസായ ഐടി വകുപ്പ് മന്ത്രി പി.കെ

കുഞ്ഞാലിക്കുട്ടി സാഹിബ് പ്രകാശനം

നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

— RAMESH CHUNGAPPALLI

ആക്രമത്തിൽ പരിക്കേറ്റവരെ സന്ദർശിച്ചു

എം എസ് എഫ് ഗുണ്ടാ ആക്രമത്തിൽ പരിക്കേറ്റ് പെരിന്തൽമണ്ണ ഇ എം എസ് സഹകരണ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന എസ്എഫ്ഐ മലപ്പുറം ജില്ലാ പ്രസിഡന്റ് എം സുജിനെ ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി എം വിജിൻ, കേന്ദ്ര സെക്രട്ടറിയേറ്റ് അംഗം ജെയ്ക് സി തോമസ്, സംസ്ഥാന പ്രസിഡന്റ് ഡോ.ചിന്താ ജെറോം കേന്ദ്ര കമ്മിറ്റി അംഗം ആർ ശ്യാമ,ജില്ലാ സെക്രട്ടറി ശ്യാം പ്രസാദ്, ജില്ലാ പ്രസിഡന്റ് പി ഷബീർ സംസ്ഥാന കമ്മിറ്റി അംഗം എൻ എം ഷഫീഖ് തുടങ്ങിയവർ സന്ദർശിച്ചു.

— RAMESH CHUNGAPPALLI

കോട്ട് മഹല്ലു മുസ്ലിം ജമാഅത്ത കമ്മിറ്റിമഹല്ല് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുന്നു.



കോട്ട് മഹല്ലു മുസ്ലിം ജമാഅത്ത കമ്മിറ്റിമഹല്ല് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്ന നിലപാട് തിരുത്തണമെന്ന് തിരുന്നാവയകളത്തിൽ മുസ്തഫ എന്ന അഹമ്മദ് കുട്ടി.

മതപണ്ഡിതൻ എന്ന നിലയിൽ കമ്മിറ്റി നടത്തിയ വാർത്താ സമ്മേളനത്തിൽനിന്ന് മാറിനിന്ന് ധാർമികത പാലിച്ചിട്ടുണ്ട്. ഇതുപോലെ വഖഫു ബോർഡ് മെമ്പർ സ്ഥാനത്തുനിന്നും അവർ മാറിനിന്ന് ധാർമികത പാലിക്കണം. വാഖിഫ് ചുമതലപെടുത്തിയവർ മരണപ്പെടുകയും ശേഷം വഖഫു സ്വത്തുക്കൾ സംരക്ഷിച്ചു കോട്ട് പള്ളിയിലെയും മഹല്ലിലെയും നടത്തി കൊണ്ടുപോകാൻ അധികാരവും അവകാശവും ഉള്ളവർ മൈനർമാർ ആയ സമയത്തു സാഹചര്യം മുതലെടുത്തു വഖഫു സ്വത്തുക്കൾ നഷ്ടപെടുന്നത് ശേഷം അനവധി കേസുകളും തർക്കങ്ങളും നടന്നുവെങ്കിലും അതെല്ലാം അധികാരത്തിനും മേധാവിത്വത്തിനും വേണ്ടിയാണ്. അതേസമയം കോട്ട് ജമാഅത്ത് പള്ളിയുടെ അന്യാധീനപ്പെട്ട വഖഫു സ്വത്തുക്കൾ തിരിച്ചു പിടിക്കുവാൻ 2022 വരെ ആരും ശ്രമിച്ചിട്ടില്ല. വാഖിഫിന്റെ പേരക്കുട്ടിയുടെ മകനാണ് മുസ്തഫ എന്ന അഹമ്മദ് കുട്ടി. കോട്ട് ജമാഅത്തു പള്ളിക്കു അവകാശപ്പെട്ടതും അന്യാധീനപ്പെട്ടതുമായ വഖഫു സ്വത്തുക്കൾ തിരിച്ചു പിടിക്കുവാനാണ് ഹർജി നൽകിയിട്ടുള്ളത്. ഹർജി നമ്പർ 337/22 .ഹർജിയെ എതിർക്കുന്നതിലൂടെ എംപി മുസ്തഫൽ ഫൈസിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി കോട്ടു മഹല്ലിലെ പാവപെട്ട ജനങ്ങളുടെ ഉന്നമനത്തെ യാണ് ഇല്ലാതാകുന്നത്. കോട്ടു ദേശത്തു നിന്നും 15 കിലോമീറ്റർ ദൂരം വരുന്ന തെന്നല അപ്പളയിലുള്ള പട്ടതൊടിക ഉമ്മത്തിഉമ്മ വഖഫു ചെയ്ത 2 ഏക്കർ 76 സെന്റ് കോട്ട് പള്ളിക്കു അവകാശപെട്ടതാണ്. അന്യാധീനപ്പെട്ട ഈ വഖഫു ഭൂമി കൈവശം വെച്ചുവരുന്നവരുടെ പേരും അഡ്രസ്സും ശേഖരിച്ചു നിയമ നടപടി എടുത്തത് പോലെ കോട്ടു മഹലിലെ വഖഫു സ്വത്തുക്കൾ കൈയേറിയവരുടെ പേരുവിവരം ശേഖരിച്ചു കൊണ്ടുള്ള നിയമ നടപടി എംപി മുസ്തഫൽ ഫൈസി നേതൃത്വം നൽകുന്ന കമ്മിറ്റി എടുത്തിട്ടില്ല എന്നും തിരുന്നാവയകളത്തിൽ മുസ്തഫ ആരോപിച്ചു. അഷ്ഫാഖ് ഷാ, ഒ.പി. അബ്ദുൽ ലത്തീഫ് എന്നിവരും പങ്കെടുത്തു.

— RAMESH CHUNGAPPALLI

ലോക ഇന്നർ വിഷൻ ചാരിറ്റി ഫൗണ്ടേഷൻ പുരസ്ക്കാരം പ്രഖ്യാപിച്ചു



ലോക ഇന്നർ വിഷൻ ചാരിറ്റി ഫൗണ്ടേഷൻ 2025ലെ പുരസ്കാരങ്ങൾക്കായി ചട്ടിപ്പറമ്പ് റഹീം ഹെൽത്ത് കെയറിലെ ഡോ: റഹിം അമ്പലവനും, ഊരോത്തൊടി ഷൗക്കത്തലിയേയും തിരഞ്ഞെടുത്തതായി ഭാരവാഹികൾ മലപ്പുറത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പ്രവർത്തനങ്ങൾക്ക് നൽകുന്ന ആരോഗ്യ ദർശൻ പുരസ്കാരമാണ് ഡോ: റഹീമിന് നൽകുന്നത്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ ചേർത്ത് നിർത്തി പ്രോത്സാഹിപ്പിച്ച് വരുന്ന ഷൗക്കത്തലി ഊരോത്തൊടി ചെറുകുളമ്പിന് ബെസ്റ്റ് ചാരിറ്റി അവാർഡുംനൽകിയുമാണ് ആദരിക്കുന്നത്. ഡിസംബറിൽ നടക്കുന്ന വാർഷിക ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. ഗോപിനാഥ് ചേന്നര ജൂറി ചെയർമാനായുള്ള കമ്മിറ്റിയാണ് പുരസ്കാരത്തിനായി ഇവരെ തിരഞ്ഞെടുത്തത്. പ്രത്യേകം തയ്യാറാക്കിയ ശില്പവും പ്രശംസപത്രവും പൊന്നാടയു അടങ്ങുന്നതാണ് ലോക സേവാരത്ന പുരസ്കാരം. വാർത്താ സമ്മേളനത്തിൽ കവി ഇന്ദു ശ്രീനാഥ്, സെയ്ത് മുഹമ്മദ് കോട്ടക്കൽ, ഗോപിനാഥ് ചേന്നര, ഹമീദ് ഹാജി കൈനിക്കര , അബ്ദുൾ ഖദർ കൈനിക്കരഎന്നിവർ പങ്കെടുത്തു.

— RAMESH CHUNGAPPALLI

ഹിക്മ ജീനിയസ് ഇസ്ലാമിക് ടാലന്റ് ഷോ സംഘടിപ്പിക്കുന്നു.



യുവ ഡിജിറ്റൽ കണ്ടന്റ് ക്രിയേറ്റർ അഫ്നാൻ കിടങ്ങയം ഹിക്മ ജീനിയസ് ഇസ്ലാമിക് ടാലന്റ് ഷോ സംഘടിപ്പിക്കുന്നു. കുട്ടികളിലും കൗമാരക്കാരിലും ഇസ്ലാമിക വിജ്ഞാനത്തോടുള്ള താൽപര്യം വളർത്തുന്നതിനും അവരുടെ അറിവും സർഗാത്മകതയും പ്രതിഭകളും പരിപോഷിപ്പിക്കുന്നതിനുമായാണ് ഷോ സംഘടിപ്പിക്കുന്നത്.

വിജ്ഞാനവും പഠനതാൽപര്യവും വളർത്തുന്നതിനൊപ്പം അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പഠനത്തെ കൂടുതൽ ആകർഷകവും അനുഭവവേദ്യവുമാക്കുകയും ചെയ്യുന്ന നാല് ഘട്ടങ്ങളുള്ള മത്സരപഠന പദ്ധതിയാണ് ഹിക്മ ജീനിയസ്. 8 മുതൽ 12 വയസ്സുവരെ ജൂനിയർ വിഭാഗത്തിലും, 13 മുതൽ 17 വയസ്സുവരെ സീനിയർ വിഭാഗം വിഭഗത്തിലുമായാണ് മൽസരങ്ങൾ നടക്കുക. മദ്റസകൾ, സ്കൂളുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വിദ്യാർഥികൾക്ക് വ്യക്തിഗതമായി രജിസ്റ്റർ ചെയ്ത് മത്സരത്തിൽ പങ്കെടുക്കാം.

www.hikmagenius.com എന്ന വെബ്സൈറ്റിലൂടെയാണ് രജിസ്ട്രർ ചെയ്യേണ്ടത്. ഒന്നാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ മത്സരാർഥികൾക്കും 75 ചോദ്യങ്ങളടങ്ങിയ 60 മിനിറ്റ് ദൈർഘ്യമുള്ള ഓൺലൈൻ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയിൽ പങ്കെടുക്കാം. നാലാം ഘട്ടമായ ഗ്രാൻഡ് ഫിനാലെയിലേക്ക് ജൂനിയർ വിഭാഗത്തിൽ നിന്ന് 8 പേരെയും സീനിയർ വിഭാഗത്തിൽ നിന്ന് 8 പേരെയും ഉൾപ്പെടുത്തി 16 ഫൈനലിസ്റ്റുകളെ തിരഞ്ഞെടുക്കും. ഗ്രാൻഡ് ഫിനാലെയിലേക്ക് യോഗ്യത നേടുന്ന 16 ഫൈനലിസ്റ്റുകൾക്കും ഓരോ രക്ഷിതാവിനൊപ്പം ഏഴ് ദിവസത്തെ ഉംറയും മദീന സിയാറത്തും നടത്താൻ അവസരം ലഭിക്കും. മത്സരാർഥികളിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്ന നാല് കുട്ടികൾക്കും രക്ഷിതാവിനൊപ്പം ഇതേ പുണ്യയാത്രയിൽ പങ്കെടുക്കാം. മൂന്നാം ഘട്ടത്തിലെത്തിയവരിൽ നിന്ന് മികച്ച പ്രകടനം കാഴ്ചവെക്കുന്ന 30 കുട്ടികൾക്കും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 10 കുട്ടികൾക്കും രക്ഷിതാവിനൊപ്പം അജ്മീർ ശരീഫ് സിയാറത്തിനും അവസരമുണ്ടാകും.

വിജയികൾക്ക് ഒന്നാം സമ്മാനമായി 2ലക്ഷവും, രണ്ടാം സമ്മാനമായി ഒരു ലക്ഷവും മൂന്നാം സമ്മാനമായി അമ്പതിനായിരം രൂപയും നൽകും.

വാർത്താസമ്മേളനത്തിൽ അഫ്സാൻ കിടങ്ങം, ഹാരിസ് മടപ്പള്ളി , ഷഫീഖ് റഹിമാനി, മുനീർ ഈങ്ങാപ്പുഴ എന്നിവർ പരിപാടികൾ വിശദീകരിച്ചു.

— RAMESH CHUNGAPPALLI

POLITICS

തൃശൂർ, ഡൽഹി ജന്തർ മന്ദിർ സമരത്തിൽ പങ്കുചേർന്നു

ഡൽഹി സമരത്തിൽ തൃശൂരിന്റെ പങ്കുചേരൽ.

ജനാധിപത്യ മതേതര കൂട്ടായ്മയുടെ നേതൃത്വത്തിൽ ഡൽഹി ജന്തർ മന്ദിർ സമരത്തിന് പിന്തുണ അർപ്പിച്ചുകൊണ്ട് തൃശൂരിന്റെ പങ്കുചേരൽ. സാഹിത്യ അക്കാദമി പരിസരത്തു നടന്ന പരിപാടിയിൽ പുതിയ തലമുറയിലെ സമര നേതാക്കൾക്ക് ദേശീയ പതാക കൈമാറികൊണ്ട് പിൻതലമുറയിലെ സാംസ്കാരിക നായകരായ സച്ചിതാനന്ദനും സാറാ ജോസഫും, കല്പറ്റ നാരായണനും, അശോകൻ ചരുവിൽ, അൻവറലി തുടങ്ങിവർ

തിരുന്നാവായ കളത്തിൽ കുടുംബം എന്ന പേരിൽ ചില വ്യക്തികൾ നടത്തിയ പത്രസമ്മേളനം വാസ്തവവിരുദ്ധമാണെന്ന് മഹല്ല് ഭാരവാഹികള്



കോട്ട് മഹല്ല് മുസ്ലിം ജമാഅത്ത് കമ്മിറ്റി പ്രസിഡണ്ട് മുസ്തഫൽ ഫൈസിയുമായി ബന്ധപ്പെട്ട് തിരുന്നാവായ കളത്തിൽ കുടുംബം എന്ന പേരിൽ ചില വ്യക്തികൾ നടത്തിയ പത്രസമ്മേളനം വാസ്തവവിരുദ്ധമാണെന്ന് മഹല്ല് ഭാരവാഹികൾ മലപ്പുറത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ൽ വഖഫ് ബോർഡ് നിയമിച്ച റിട്ടേണിംഗ് ഓഫീസർ അഡ്വക്കറ്റ് അഷ്റഫ് സുലൈമാൻ മഹലിന്റെ ജനറൽ ബോഡി വിളിക്കുകയും അതിൽ നിന്നും തിരുന്നാവായ കളത്തിൽ ബീരാൻകുട്ടി എന്നിവർ പ്രസിഡണ്ട് ആയിക്കൊണ്ട് മഹല്ലിൽ പുതിയ കമ്മിറ്റി നിലവിൽ വന്നത്. പ്രസിഡന്റിന്റെ മരണശേഷം വൈസ് പ്രസിഡണ്ട് ആയിരുന്ന മുസ്തഫ ഫൈസിയെ പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയും ചെയ്തു. പിന്നീട് മഹലിലെ ചില വ്യക്തികൾ വഖഫ് ബോർഡിൽ പരാതി നൽകുകയും വഖഫ് ട്രിബ്യൂണൽ അഡ്വക്കറ്റ് നന്ദകുമാറിന്റെ റിട്ടേണിംഗ് ഓഫീസർ ആയി നിയമിച്ചുകൊണ്ട് വീണ്ടും 2018 തെരഞ്ഞെടുപ്പ് നടത്തുകയും മുസ്തഫൽ ഫൈസി പ്രസിഡണ്ടായി പുതിയ കമ്മിറ്റി തിരഞ്ഞെടുക്കുകയും ചെയ്തു. 2014 വഖഫ് ബോർഡിനാൽ നിയമിതമായ മേൽ കമ്മിറ്റി വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിലും നഷ്ടപ്പെട്ടുപോയ വഖഫ് സ്വത്തുക്കൾ വീണ്ടെടുക്കുന്നതിനുമുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. തെന്നലയിൽ നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചെടുക്കുന്നതുമായ പ്രവർത്തനത്തിൽ ഏതാനും ഭൂമി തിരിച്ചു പിടിക്കുകയും ബാക്കിയുള്ള ഭൂമിയുമായി ബന്ധപ്പെട്ട് തൃശ്ശൂർ അപ്പെറ്റ് കോടതിയിലും വഖഫ് ബോർഡിലും ഹൈക്കോടതിയിലും കേസ് നടന്നുകൊണ്ടിരിക്കുകയാണ്. മഹല്ലിൽ നഷ്ടപ്പെട്ടുപോയ ഭൂമിയിൽ 67 സെന്റ് ഭൂമിയും 56 സെന്റ് ഭൂമിയും കണ്ടെത്തുകയും അത് തിരിച്ചു പിടിച്ചു നൽകുന്നതിനുവേണ്ടി വഖഫ് ബോർഡിൽ പരാതി സമർപ്പിച്ചിട്ടുള്ളതുമാണ്. മഹല്ല് പ്രസിഡണ്ട് കൂടിയായ എം.പി മുസ്തഫൽ ഫൈസിക്ക് മഹല്ല് കമ്മിറ്റിയിലോ നാട്ടിലോ ഇക്കാര്യത്തിൽ യാതൊരുവിധ എതിർപ്പുമില്ല. സർവ്വ സമ്മതനായ അദ്ദേഹത്തിന് ഈ വരുന്ന ഞായറാഴ്ച മഹല്ല് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിപുലമായ സ്വീകരണം നൽകുന്നുമുണ്ട്. വസ്തുതകൾ മറച്ചുവെച്ചുകൊണ്ട് മഹല്ല് പ്രസിഡണ്ടിനെ തേജോവദം ചെയ്യുന്നതിനും അപകീർത്തിപ്പെടുത്തുന്നതിനും ശ്രമിക്കുന്നത് വളരെ ഖേദകരമാണെന്നും മഹല്ല് ഭാരവാഹികൾ പറഞ്ഞു. മഹല്ല് ഭാരവാഹികളായ കണ്ടാത്ത് കുഞ്ഞിപ്പ, പുളിക്കൽ ഹംസ, ഇ അബ്ദുൽഖാദർ, ചിറക്കൽ കുഞ്ഞിമുഹമ്മദ് , എം അലു ഹാജി, സൈയ്ത് മുഹമ്മദ് ചെറുതോട്ടത്തിൽ, മുസ്ഥഫ ബാബു, ടി പി അലി എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

NATIONAL

ജമ്മൂക്കാശ്മീരിൽ നവംബർ 9 വരെ വരണ്ട കാലാവസ്ഥ സാധ്യത, ഉയർന്ന പ്രദേശങ്ങളിൽ ലഘുവായ മഴയും മഞ്ഞും സാധ്യത

ജമ്മൂക്കാശ്മീരിൽ നവംബർ 9 വരെ വരണ്ട കാലാവസ്ഥ സാധ്യത, ഉയർന്ന പ്രദേശങ്ങളിൽ ലഘുവായ മഴയും മഞ്ഞും സാധ്യത

— Nazir Ahmad Sofi

NATIONAL

എൻപിസുകൾ കൂട്ടം അഗ രൂഹുല്ല മെഹ്ദിയോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ NC മിസിന്റെ ഇടയിൽ

എൻപിസുകൾ: അഗ രൂഹുല്ല മെഹ്ദിയോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ NC പ്രതിസന്ധിക്കിടയിൽ കൂട്ടം

— Nazir Ahmad Sofi

TRAVEL

Need24

ഗണേശ് ജി, ശംകർ ജി എവിടെയോ താമസിച്ചിരുന്നിടത്ത് അവിടെയുള്ള സ്ഥലം, കുളം, വനങ്ങൾ വളരെ ഭീകരമായ ഭയാനകവനങ്ങളായിരുന്നു

— ll.Mahendra jatav 07.ll

NATIONAL

ആടുകൾക്ക് ചാരം ഇല്ല

ആശ് സമീപ പ്രദേശങ്ങളിൽ ഈ തവണ മഴയില്ലായിരുന്നു.

ഓരോ ഗ്രാമവും, ഡ്ഹാണി, കഷ്ടപ്പാടുകൾ നേരിടേണ്ടി വന്നു

— Thana Ram

LIFESTYLE

തലക്കെട്ടുകൾ

ശാഹർഖ് ഖാൻ തന്റെ ആരാധകരുടെ പ്രാർത്ഥന പൂർത്തിയാക്കി, ജന്മദിനത്തിൽ ഒരു നിമിഷം കാണാൻ വന്ന ആരാധകർക്ക് ഒരു തിരിച്ചുനൽകൽ സമ്മാനം നൽകി!

— Ravi Kumar

LOCAL

യോമ്നാ നദി

യോമ്നാ നദിയെക്കുറിച്ചുള്ള ചുരുക്കം വിവരങ്ങൾ.

ഇത് ഒരു നദിയാണ്.

ഇതിന്റെ പ്രത്യേകതകളും പ്രാധാന്യവും സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

— Md Imran

യുവാവ് സോഷ്യൽ മീഡിയയിൽ അനധികൃത താമ്ചെയും കാർട്രൂസും ചേർത്ത ഫോട്ടോ ഹർപാൽപുർ കോട്ടവാലി പ്രദേശത്തെ അർജുന്പുർ നിവാസിയുടെ ഫോട്ടോ വൈറലായി

— Raghvendra

NATIONAL

ബ്രേക്ക് കിംഗ് വാർത്ത: സീനിയർ BJP നേതാവ് ഡോ. നർമൽ സിംഗ്

#ബ്രേക്ക് ന്യൂസ്

: സ്രോതസ്സുകൾ പ്രകാരം, സീനിയർ BJP നേതാവ് ഡോ. നർമൽ സിംഗ് ജമ്മൂക്കാശ്മീരിന്റെ ലെഫ്റ്റനന്റ് ഗവർണറായി നിയമിക്കപ്പെടാൻ സാധ്യത

— Nazir Ahmad Sofi

POLITICS

ധവയിൽ ഇന്ന് വോട്ടെടുപ്പ് കേന്ദ്രത്തിൽ കലാപം

ഇന്ന് ധവയിൽ സ്ഥിതി ചെയ്യുന്ന വോട്ടെടുപ്പ് കേന്ദ്രത്തിൽ കലാപം ഉണ്ടായി.

ഈ കലാപം മൂലം വോട്ടെടുപ്പ് പ്രക്രിയയിൽ തടസ്സം ഉണ്ടായി.

പ്രാദേശിക റിപ്പോർട്ടർ ഈ സംഭവം റിപ്പോർട്ട് ചെയ്തു.

— Moola Ram